**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** | **16-03-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ മികവ് വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി** | | **null<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന പോലീസിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ; | (എ) | പോലീസിന്റെ ആധുനികവത്കരണത്തിനായി വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം 149.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat, CCTNS സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ ഓൺലൈൻ ആയി പോലീസ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ "തുണ" സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും 'in service' പരിശീലനം നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി ക്യാമറകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം 146 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 20 Four Wheel Drive LMV, 03 മീഡിയം ബസ്, 08 ഹെവി ബസ്, 02 വാട്ടർ ടാങ്കർ, 02 വാട്ടർ കാനൻ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ് എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം 07 പിങ്ക് കൺട്രോൾ റൂം വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ LWE ബാധിത പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായി MoPF സ്കീമിൽ ഉൾപ്പെടുത്തി 29 Four Wheel Drive LMV വാങ്ങിയിട്ടുണ്ട്. |
| (ബി) | സാങ്കേതിക വിദ്യയുടെയും വിവര വിനിമയോപാധികളുടെയും വളർച്ചക്കനുസരിച്ച് സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതിനാൽ അത് ഫലപ്രദമായി തടയുന്നതിനും അത്തരം ഉപാധികൾ ഉപയോഗപ്പെടുത്തി ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും സാങ്കേതിക മികവുള്ള സൈബർ വിംഗ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയുടെയും വിവര വിനിമയോപാധികളുടെയും വളർച്ചയ്ക്കനുസരിച്ച് സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്നതിനാൽ അത് ഫലപ്രദമായി തടയുന്നതിനും അത്തരം ഉപാധികൾ ഉപയോഗപ്പെടുത്തിയുള്ള സൈബർ കേസുകൾ അന്വേഷിക്കുന്നതിനും ഇത്തരം ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഫലപ്രദമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും സൈബർ സുരക്ഷ/സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ മേഖലകളിലെ ഗവേഷണത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും സൈബർ പട്രോളിംഗിന് പ്രചോദനം നൽകുന്നതിനുമായി ഒരു "സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ" രൂപീകരിക്കുന്നതും സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | വിവര വിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് അത് തടയാൻ വേണ്ട ഇടപെടലുകൾ നടത്തുന്നുണ്ടോ? | (സി) | ഉണ്ട്. വിവര വിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസ് ഉദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ധ പരിശീലനം നൽകിയിട്ടുള്ളതും പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുമുണ്ട്. ഇതിനു പുറമേ സൈബർ ഡോമുകൾ പോലീസ് ആസ്ഥാനത്തെ Hi-Tech Crime Enquiry Cell എന്നിവ മുഖേന കേസുകളുടെ |

| | | | | |
|---|---|---|---|---|
| | | | | അന്വേഷണത്തിന് ആവശ്യമായ സൈബർ വിദ്യയിൽ അധിഷ്ഠിതമായ സാങ്കേതിക സഹായങ്ങൾ നൽകി വരുന്നുണ്ട്. കേരളാ പോലീസ് സൈബർ ഡോമും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ റീജിയണൽ ഓഫീസ് തിരുവനന്തപുരവും സംയുക്തമായും വിവിധ ബാങ്കുകൾ, മൊബൈൽ വാലറ്റ്സ്, പേയ്മെന്റ് ഗേറ്റ് വേ, ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയുടെ നോഡൽ ഓഫീസർമാരെയും സൈബർ പോലീസ് സ്റ്റേഷനുകൾ, ഹൈ-ടെക് സെൽ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഓൺലൈൻ ബാങ്കിംഗ് രംഗത്തെ സാമ്പത്തിക തട്ടിപ്പുകൾ (OTP തട്ടിപ്പ്) ഫലപ്രദമായി തടയുന്നതിനായി SOP യുടെ (Standard Operating Procedure) അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സിസ്റ്റം നടപ്പിലാക്കുകയും ഈ സംവിധാനത്തിന്റെ ഇടപെടൽ മൂലം തട്ടിപ്പിനിരയായവരുടെ പണം വീണ്ടെടുക്കുവാനും സാധിച്ചിട്ടുള്ളതാണ്. ഗുരുതര സ്വഭാവമുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ക്രൈം ബ്രാഞ്ചിന് കീഴിൽ വിപുലമായ രീതിയിൽ "Economic Offences Wing" രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ